# സമഗ്ര ശിക്ഷാ കേരളം

## ക്ലാസ് 12

# സമൂഹശാസ്ത്രം

## ഭാഗം 1

# ഇന്ത്യൻ സമൂഹം

**ആമുഖം**

ഹയർസെക്കന്ററി തലത്തിൽ രണ്ടാംവർഷ സമൂഹശാസ്ത്രപഠനം ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള സമഗ്രവും ലളിതവുമായുള്ള ഒരു പഠനസഹായിയാണ് ഇത്. ഇതിൽ ഓരോ യൂണിറ്റിലേയും ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളും അവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആശംസകളോടെ

ഡോ. സുപ്രിയ എ.ആർ
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

# ഉള്ളടക്കം

1. ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ

2. ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാഘടന

3. സാമൂഹിക സ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും

4. വിപണി ഒരു സാമൂഹിക സ്ഥാപനം എന്ന നിലയിൽ

5. സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ

6. സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ

അധ്യായം 1

# ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ

**ആമുഖം**

ഇന്ത്യൻ സമൂഹത്തിന്റെ ബഹുസ്വരത ഒരു വ്യക്തിക്ക് ഒന്നിലധികം സ്വത്വങ്ങൾ നൽകുന്നു. സാമാന്യബോധജ്ഞാനം സമൂഹത്തെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനത്തിന് ഒരു തടസ്സമായി മാറിയേക്കാം. മുന്നറിവുകളോ സാമാന്യബോധജ്ഞാനമോ ഒരു പ്രത്യേക വീക്ഷണകോണിൽ നിന്ന് നേടിയതാകാം. അത് സാമൂഹിക യാഥാർഥ്യത്തെ കുറിച്ചുള്ള ഭാഗികമായ വീക്ഷണമാണ് . സാമൂഹിക വീക്ഷണമുള്ള ഒരു വ്യക്തി യാഥാർഥ്യം എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കാൻ സമൂഹത്തെ വ്യത്യസ്ത ആളുകളുടെ കണ്ണിലൂടെ നോക്കിക്കാണാൻ ശ്രമിക്കുന്നു. സാമാന്യ ബോധപരമായ കാഴ്ചപ്പാടിന് പകരം സമൂഹശാസ്ത്രപരമായ വീക്ഷണ കോണിൽ നിന്നുകൊണ്ട് ഇന്ത്യൻ സമൂഹത്തെ മനസ്സിലാക്കാൻ ഈ പാഠഭാഗം പഠിതാവിനെ സഹായിക്കും.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- സമൂഹത്തെ കുറിച്ചുള്ള മുന്നറിവുകൾ സമൂഹശാസ്ത്ര പഠനത്തിന് നൽകുന്ന നേട്ടങ്ങളും കോട്ടങ്ങളും
- സമൂഹശാസ്ത്ര സങ്കല്പം- വ്യക്തിഗത പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും
- സമൂഹശാസ്ത്ര സങ്കൽപ്പവും സാമാന്യബോധജ്ഞാനവും

**പ്രവർത്തനം 1**

| സമൂഹത്തെ കുറിച്ചുള്ള മുന്നറിവുകൾ സമൂഹശാസ്ത്രപഠനത്തിന് നൽകുന്ന നേട്ടങ്ങൾ | സമൂഹത്തെ കുറിച്ചുള്ള മുന്നറിവുകൾ സമൂഹ ശാസ്ത്രപഠനത്തിന് നൽകുന്ന കോട്ടങ്ങൾ |
|---|---|
| • വിദ്യാർഥികൾപൊതുവെ സമൂഹ ശാസ്ത്രത്തെ ഭയപ്പെടുന്നില്ല.<br>•<br>• | • ഭാഗികമായ വീക്ഷണമാണ്.<br>•<br>• |

**പ്രവർത്തനം 2**

താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് വ്യക്തിപരമായ പ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും തിരിച്ചറിഞ്ഞ് കോളം പൂർത്തീകരിക്കുക.

(ജോലിയെക്കുറിച്ചുള്ള ഉത്കണ്ഠ, തൊഴിലില്ലായ്മ, മാനസിക പിരിമുറുക്കം, തലമുറകൾ തമ്മിലുള്ള വിടവ്, ജാതീയത, മുതിർന്നവരുടെ പെരുമാറ്റത്തോടുള്ള അനിഷ്ടം, വർഗ്ഗീയത)

| വ്യക്തിപരമായ പ്രശ്നങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |
|---|---|
| • | • |
| • | • |
| • | • |

**പ്രവർത്തനം 3**

സമൂഹശാസ്ത്ര സങ്കല്പം എന്ന ആശയം അവതരിപ്പിച്ച സമൂഹ ശാസ്ത്രജ്ഞന്റെ പേരെഴുതുക.


**പ്രവർത്തനം 4**

വ്യക്തിഗത അനുഭവങ്ങളെയും വിശ്വാസങ്ങളെയും അടിസ്ഥാനമാക്കി വ്യക്തികൾ അവരവരുടെ കാഴ്ചപ്പാടിൽ സൃഷ്ടിച്ച ഭൂപടത്തെ..................എന്ന് വിളിക്കാം.

(സാമാന്യബോധ ഭൂപടം, ഭൂമിശാസ്ത്ര ഭൂപടം, സാമൂഹിക ഭൂപടം)

**പ്രവർത്തനം 5**


ഡയഗ്രം പൂർത്തീകരിക്കുക.





**പ്രവർത്തനം 6**

സാമാന്യബോധജ്ഞാനം പൊതുവെ ആർജ്ജിക്കുന്നത്..............എന്ന പ്രക്രിയയിലൂടെയാണ്.

**പ്രവർത്തനം 7**




**പ്രവർത്തനം 8**




**പ്രവർത്തനം 9**

സാമാന്യബോധജ്ഞാനത്തിന്റെ സമൂഹശാസ്ത്ര സങ്കൽപത്തിന്റെയും സവിശേഷതകൾ ബ്രാക്കറ്റിൽ നൽകിയിരിക്കുന്നത് വേർതിരിച്ച് പട്ടികപ്പെടുത്തുക.

(നിത്യജീവിത നിരീക്ഷണങ്ങൾ, സാംസ്കാരിക വിശ്വാസങ്ങൾ, അർധസത്യങ്ങൾ, വ്യക്തിപരമായ അനുഭവങ്ങളും വലിയ സാമൂഹിക ഘടനയും സാമൂഹിക ശക്തികളുമായുള്ള ബന്ധം, വ്യക്തിയനുഭവങ്ങൾക്കപ്പുറം പോകുന്നു, വ്യക്തിപരമായ പ്രശ്നങ്ങളെ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുന്നു)

| സാമാന്യബോധജ്ഞാനം | സമൂഹശാസ്ത്ര സങ്കൽപം |
|---|---|
| • | • |
| • | • |
| • | • |

# ഉത്തരസൂചിക

**പ്രവർത്തനം 1**

**നേട്ടങ്ങൾ**

- ♦ വിദ്യാർഥികൾ പൊതുവെ സമൂഹശാസ്ത്രത്തെ ഭയപ്പെടുന്നില്ല.
- ♦ പഠിതാവിന് വിഷയം എളുപ്പമായി തോന്നുന്നു
- ♦ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നു

**കോട്ടങ്ങൾ**

- ♦ സാമാന്യബോധത്തിലധിഷ്ഠിതമാണ്.
- ♦ ഭാഗികമായ വീക്ഷണമാണ്.
- ♦ അപൂർണവും പക്ഷപാതപരവുമാണ്.

**പ്രവർത്തനം 2**

| വ്യക്തിപരമായ പ്രശ്നങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |
|---|---|
| ♦ ജോലിയെക്കുറിച്ചുള്ള ഉത്കണ്ഠ<br>♦ മാനസിക പിരിമുറുക്കം<br>♦ മുതിർന്നവരുടെ പെരുമാറ്റത്തോടുള്ള അനിഷ്ടം | ♦ തൊഴിലില്ലായ്മ<br>♦ തലമുറകൾ തമ്മിലുള്ള വിടവ്<br>♦ ജാതീയത<br>♦ വർഗീയത |

**പ്രവർത്തനം 3**

സി. റൈറ്റ് മിൽസ്

**പ്രവർത്തനം 4**

സാമാന്യബോധ ഭൂപടം

**പ്രവർത്തനം 5**

- ♦ സമൂഹം ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിനെ കുറിച്ചുള്ള ധാരണ വ്യക്തികളിൽ സൃഷ്ടിക്കുന്നു.
- ♦ സാമൂഹിക പ്രശ്നങ്ങളെ കുറിച്ചുള്ള വിമർശനാത്മക ചിന്ത വളർത്തുന്നു
- ♦ സമൂഹത്തെ കുറിച്ചുള്ള സമഗ്രമായ വീക്ഷണം സാധ്യമാക്കുന്നു

**പ്രവർത്തനം 6**

സാമൂഹീകരണം

**പ്രവർത്തനം 7**

വാർപ്പുമാതൃകകൾ

അനുമാനങ്ങൾ

ലഘൂകരിക്കപ്പെട്ട വിശദീകരണങ്ങൾ

**പ്രവർത്തനം 8**

സഹാനുഭൂതി

വിമർശനാത്മക ചിന്ത

സാമൂഹിക പ്രതിഭാസത്തെ ആഴത്തിൽ മനസ്സിലാക്കാൻ

**പ്രവർത്തനം 9**

| സാമാന്യബോധജ്ഞാനം | സമൂഹശാസ്ത്ര സങ്കൽപം |
|---|---|
| • നിത്യജീവിത നിരീക്ഷണങ്ങൾ<br>• സാംസ്കാരിക വിശ്വാസങ്ങൾ<br>• അർധസത്യങ്ങൾ | • വ്യക്തിപരമായ അനുഭവങ്ങളും വലിയ സാമൂഹിക ഘടനയും സാമൂഹിക ശക്തികളുമായുള്ള ബന്ധം<br>• വ്യക്തിയനുഭവങ്ങൾക്കപ്പുറം പോകുന്നു<br>• വ്യക്തിപരമായ പ്രശ്നങ്ങളെ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുന്നു |

**അധ്യായം 2**

# ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാഘടന


ജനസംഖ്യയെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണ് ജനസംഖ്യാശാസ്ത്രം. ജനനം, മരണം, കുടിയേറ്റം എന്നിങ്ങനെയുള്ള പ്രക്രിയയെ കുറിച്ചുള്ള പഠനമാണ് ജനസംഖ്യാ ശാസ്ത്രം.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- വിവിധതരം ജനസംഖ്യാശാസ്ത്രങ്ങൾ
- ജനസംഖ്യയെക്കുറിച്ചുള്ള മാൽത്തൂസിയൻ സിദ്ധാന്തം
- ജനസംഖ്യാ പരിവർത്തന സിദ്ധാന്തം
- ജനസംഖ്യാ ശാസ്ത്രത്തിലെ പൊതു സങ്കല്പനങ്ങളും സൂചകങ്ങളും
  - ജനനനിരക്ക്
  - മരണനിരക്ക്
  - ഫലഭൂയിഷ്ഠതാനിരക്ക്.
  - സ്ത്രീ-പുരുഷാനുപാതം
  - പ്രായഘടന
  - ആശ്രിതാനുപാതം.
  - ജനസംഖ്യാലാഭവിഹിതം

**പ്രവർത്തനം 1**

ചാർട്ട് പൂർത്തീകരിക്കുക




**പ്രവർത്തനം 2**

ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് കോളങ്ങൾ പൂർത്തിയാക്കുക.

(ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം, ജനസംഖ്യയുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക ഘടകങ്ങൾ)

| സാമൂഹിക ജനസംഖ്യാശാസ്ത്രം | ഔപചാരിക ജനസംഖ്യാശാസ്ത്രം |
|---|---|
| • | • |
| • | • |
| • | • |

**പ്രവർത്തനം 3**

ജനസംഖ്യയെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണ്............

**പ്രവർത്തനം 4**

താഴെപ്പറയുന്നവയെ തരംതിരിച്ച് ഉചിതമായ കോളങ്ങളിൽ എഴുതുക

(വിവാഹം വൈകിപ്പിക്കൽ, രോഗങ്ങൾ, ബ്രഹ്മചര്യം, യുദ്ധങ്ങൾ, പ്രകൃതി ദുരന്തങ്ങൾ)

| പ്രതിരോധ നിയന്ത്രണരീതികൾ | സ്വാഭാവികനിയന്ത്രണങ്ങൾ |
|---|---|
| • | • |
| • | • |
| • | • |

**പ്രവർത്തനം 5**

കോളങ്ങൾ പൂർത്തിയാക്കുക

| ഘട്ടങ്ങൾ | ജനന നിരക്ക് | മരണനിരക്ക് | വികസനം |
|---|---|---|---|
| ഒന്നാം ഘട്ടം | കൂടുന്നു | .................................... | കുറയുന്നു |
| രണ്ടാംഘട്ടം | .................................... | കുറയുന്നു. | ജനസംഖ്യ വിസ്ഫോടന ഘട്ടം. |
| മൂന്നാം ഘട്ടം. | കുറയുന്നു. | .................................... | .................................... |


**പ്രവർത്തനം 6**

ഒരു പ്രത്യേക പ്രദേശത്ത് ഒരു പ്രത്യേക കാലയളവിൽ ജീവനോടെ ജനിക്കുന്നവരുടെ എണ്ണത്തെ

.......... എന്ന് വിളിക്കാം.

**പ്രവർത്തനം 7**

ചാർട്ട് പൂർത്തീകരിക്കുക




**പ്രവർത്തനം 8**

സ്ത്രീ-പുരുഷാനുപാതം കുറയുന്നതിനുള്ള കാരണങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.


| **സ്ത്രീ-പുരുഷാനുപാതം കുറയുന്നതിനുള്ള കാരണങ്ങൾ** |
| --- |
| ♦ പെൺകുട്ടികളോടുള്ള വിവേചനപരമായ മനോഭാവം<br>♦<br>♦<br>♦<br>♦ |

**പ്രവർത്തനം9**

ആശ്രിതാനുപാതം കുറയുന്നത് രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് കാരണമാകുന്നു. തൊഴിൽ എടുക്കുന്നവരുടെ എണ്ണം തൊഴിൽ എടുക്കാത്തവരുടെ എണ്ണത്തേക്കാൾ കൂടുന്നതാണ് ഇതിനു കാരണം. ഇതിനെ ...................... എന്ന് പറയുന്നു.

**പ്രവർത്തനം 10**

ചാർട്ട് പൂർത്തീകരിക്കുക



# ഉത്തരസൂചിക

**പ്രവർത്തനം 1**

സാമൂഹിക ജനസംഖ്യാശാസ്ത്രം

**പ്രവർത്തനം 2**

| സാമൂഹിക ജനസംഖ്യാശാസ്ത്രം | ഔപചാരിക ജനസംഖ്യാശാസ്ത്രം |
|---|---|
| • സാമൂഹിക - രാഷ്ട്രീയ-സാമ്പത്തിക ഘടകങ്ങൾ | • ജനനനിരക്ക്<br>• മരണനിരക്ക്<br>• കുടിയേറ്റം |

**പ്രവർത്തനം 3**

ജനസംഖ്യാശാസ്ത്രം

**പ്രവർത്തനം 4**

നിയന്ത്രണ രീതികൾ - വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം

സ്വാഭാവിക നിയന്ത്രണങ്ങൾ - രോഗങ്ങൾ, യുദ്ധം, പ്രകൃതിദുരന്തങ്ങൾ

**പ്രവർത്തനം 5**

ഒന്നാം ഘട്ടം - ഉയർന്ന ജനനനിരക്ക്, ഉയർന്ന മരണനിരക്ക്, താഴ്ന്ന വികസനനിരക്ക്

രണ്ടാംഘട്ടം - ഉയർന്ന ജനനനിരക്ക്, കുറഞ്ഞ മരണംനിരക്ക്, ജനസംഖ്യവിസ്ഫോടനം

മൂന്നാംഘട്ടം - ജനനനിരക്ക്, താഴ്ന്ന മരണനിരക്ക്, ഉയർന്ന വികസനനിരക്ക്

**പ്രവർത്തനം 6**

ജനനനിരക്ക്

**പ്രവർത്തനം 7**

ഫലഭൂയിഷ്ഠിതാനിരക്ക്

ജനനനിരക്ക്

മരണനിരക്ക്

പ്രതീക്ഷിതായുസ്സ്

പ്രായഘടന

മാതൃമരണ നിരക്ക്

**പ്രവർത്തനം 8**

- പെൺകുട്ടികളോടുള്ള വിവേചനപരമായ മനോഭാവം
- മാതൃമരണ നിരക്ക്
- സ്ത്രീധനം
- പോഷകാഹാരക്കുറവ്
- ഗർഭചിദ്രം.

**പ്രവർത്തനം 9**

ജനസംഖ്യാലാഭവിഹിതം

**പ്രവർത്തനം 10**

ആശ്രിത അനുപാതത്തിലുള്ള കുറവ്

അധ്യായം 3

# സാമൂഹിക സ്ഥാപനങ്ങൾ തുടർച്ചയും മാറ്റവും

സ്ഥാപിതമായ നിയമങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതോ അല്ലെങ്കിൽ നിയമങ്ങളോ ആചാരങ്ങളോ അംഗീകരിച്ചതോ ആയ സ്ഥാപനങ്ങളാണ് സാമൂഹിക സ്ഥാപനങ്ങൾ. ഈ അധ്യായത്തിൽ ജാതി, ഗോത്രം, കുടുംബം എന്നീ മൂന്ന് സാമൂഹിക സ്ഥാപനങ്ങളെ കുറിച്ചാണ് ചർച്ച ചെയ്യപ്പെടുന്നത്.

**പ്രധാന സങ്കൽപനങ്ങളും ആശയങ്ങളും**

- ജാതിയും ജാതി വ്യവസ്ഥയും
- ഗോത്രം
- കുടുംബവും ബന്ധുത്വവും

**പ്രവർത്തനം 1**

താഴെ കൊടുക്കുന്നവയെ ജാതിവ്യവസ്ഥയുടെയും വർണ്ണവ്യവസ്ഥയുടെയും സവിശേഷതകളായി തരം തിരിച്ച് എഴുതുക.

(പ്രാദേശിക സംഘം, 4 എണ്ണം, ഇന്ത്യയിൽ കണ്ടുവരുന്ന പ്രതിഭാസം, മൂവായിരത്തിൽ കൂടുതൽ, ആരോപിതം, തൊഴിലിനെ അടിസ്ഥാനമാക്കിയത്)

| വർണ്ണവ്യവസ്ഥ | ജാതിവ്യവസ്ഥ |
|---|---|
| ● | ● |
| ● | ● |
| ● | ● |

**പ്രവർത്തനം 2**

ചാർട്ട് പൂർത്തീകരിക്കുക

ജാതിവ്യവസ്ഥയുടെ തത്വങ്ങൾ

- ..........................
- ആകമാനതയും അധികാര ശ്രേണിയും

**പ്രവർത്തനം 3**

താഴെ തന്നിരിക്കുന്നവയെ ഗോത്ര വിഭാഗങ്ങളുടെ ആർജ്ജിത സവിശേഷതകളും സ്ഥിര സവിശേഷതകളുമായി വേർതിരിച്ച് എഴുതുക.

(പ്രദേശം, ഉപജീവനമാർഗ്ഗങ്ങൾ, ഭാഷ, ഭൗതിക സ്വഭാവങ്ങൾ, ഹൈന്ദവ സമൂഹത്തോടുള്ള സംയോജനം)

| സ്ഥിരസവിശേഷതകൾ | ആർജ്ജിതസവിശേഷതകൾ |
|---|---|
| ● | ● |
| ● | ● |
| ● | ● |

**പ്രവർത്തനം 4**

മുഖ്യധാര സമൂഹത്തിൽ നിന്നുള്ള വേറിടൽ ഗോത്രസമുദായത്തിന്റെ ഒരു പ്രധാന പ്രശ്നമാണ് അവർ അഭിമുഖീകരിക്കുന്ന വിദ്യാഭ്യാസ പ്രാപ്യതയുടെ പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.

**പ്രവർത്തനം 5**

**ചേരുംപടി ചേർക്കുക**

| | |
|---|---|
| അയ്യൻകാളി | ഒരു ജാതി ഒരു മതം ഒരു ദൈവം |
| ജ്യോതിറാവുഫുലേ | ഇന്ത്യയിലെ പെൺകുട്ടികൾക്ക് വേണ്ടിയുള്ള വിദ്യാലയത്തിലെ ആദ്യത്തെ ഹെഡ്മിസ്ട്രസ് |
| ഇ.വി. രാമസ്വാമി നായ്ക്കർ | സത്യശോധക് സമാജ് |
| ശ്രീനാരായണഗുരു | ദക്ഷിണേന്ത്യയിലെ താഴ്ന്ന ജാതിക്കാരുടെ നേതാവ് |
| സാവിത്രി ബായ് ഫുലെ | കേരളത്തിലെ ദളിതരുടെ സ്കൂൾ പ്രവേശനം |

**പ്രവർത്തനം 6**

ജാതിയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

- ജനനമാണ് ജാതിയുടെ അടിസ്ഥാനം
- 
- 
- 
- 

**പ്രവർത്തനം 7**

സാമൂഹിക പ്രവർത്തനങ്ങളിൽ നിന്നും ചില വിഭാഗങ്ങളെ പൂർണ്ണമായും മാറ്റി നിർത്തുന്നതിനെ ....... എന്നുപറയുന്നു.

**പ്രവർത്തനം 8**

സംസ്കൃതവൽക്കരണം എന്ന ആശയം അവതരിപ്പിച്ചത് ................. ആണ്.

## ഉത്തരസൂചിക

**പ്രവർത്തനം 1**

വർണ്ണം - 4 എണ്ണം, തൊഴിലിനെ അടിസ്ഥാനമാക്കിയത്.

ജാതി - പ്രാദേശിക സംഘം, മൂവായിരത്തിൽ കൂടുതൽ, ഇന്ത്യയിൽ കണ്ടുവരുന്ന പ്രതിഭാസം, ആരോപിതം

**പ്രവർത്തനം 2**

വ്യത്യസ്തത, അകൽച്ച

**പ്രവർത്തനം 3**

സ്ഥിര സവിശേഷതകൾ പ്രദേശം, ഭാഷ, ഭൗതികസ്വഭാവങ്ങൾ

ആർജ്ജിത സവിശേഷതകൾ ഉപജീവനമാർഗ്ഗങ്ങൾ, ഹൈന്ദവ സമൂഹത്തിലേക്കുള്ള സംയോജനം

**പ്രവർത്തനം 4**

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
ഭാഷ
ദാരിദ്ര്യം
സാംസ്കാരിക വ്യത്യാസങ്ങൾ
ഗവൺമെന്റ് നയങ്ങൾ
ആരോഗ്യപ്രശ്നങ്ങൾ
ബോധവൽക്കരണത്തിന്റെ അഭാവം

**പ്രവർത്തനം 5**

| | |
|---|---|
| അയ്യൻകാളി | കേരളത്തിലെ ദളിതരുടെ സ്കൂൾ പ്രവേശനം |
| ജ്യോതിറാവുഫുലേ | സത്യ ശോധക് സമാജ്. |
| രാമസ്വാമി നായ്ക്കർ | ദക്ഷിണേന്ത്യയിലെ താഴ്ന്ന ജാതിക്കാരുടെ നേതാവ് |
| ശ്രീനാരായണഗുരു | ഒരു ജാതി ഒരു മതം ഒരു ദൈവം |
| സാവിത്രി ഭായ് ഫുലെ | ഇന്ത്യയിലെ പെൺകുട്ടികൾക്ക് വേണ്ടിയുള്ള വിദ്യാലയത്തിലെ ആദ്യത്തെ ഹെഡ്മിസ്ട്രസ്. |

**പ്രവർത്തനം 6**

- ⇨ ജനനമാണ് ജാതി നിർണയിക്കുന്നത്.
- ⇨ സ്വഗണവിഭാഗം അനുവദിക്കുന്നു
- ⇨ ഭക്ഷണത്തിൻമേലുള്ള നിയന്ത്രണം
- ⇨ സമൂഹത്തിന്റെ ഖണ്ഡവിഭജനം
- ⇨ ജാതി പരമ്പരാഗതമാണ്
- ⇨ സാമൂഹിക ഇടപെടലുകളിൽ ഉള്ള നിയന്ത്രണം.

**പ്രവർത്തനം 7**

സാമൂഹിക ബഹിഷ്ക്കരണം

**പ്രവർത്തനം 8**

എം.എൻ ശ്രീനിവാസ്

അധ്യായം 4

# വിപണി ഒരു സാമൂഹികസ്ഥാപനം

**ആമുഖം**

വിപണിയെ ഒരു സാമ്പത്തിക സ്ഥാപനമായാണ് പൊതുവേ കണക്കാക്കപ്പെടുന്നത് എന്നാൽ സമൂഹശാസ്ത്രജ്ഞർ വിപണിയെ കുടുംബം, ജാതി, ഗോത്രം എന്നിവ പോലെ ഒരു സാമൂഹിക സ്ഥാപനമായാണ് കാണുന്നത്. ഈ അധ്യായത്തിൽ വിപണിയെ കുറിച്ചുള്ള സമൂഹശാസ്ത്ര സങ്കൽപനം കോളനിവാഴ്ച, ആഗോളവൽക്കരണം എന്നീ പ്രക്രിയകൾ വിപണിയെ എങ്ങനെ മാറ്റി മറച്ച് എന്നീ കാര്യങ്ങളാണ്ചർച്ച ചെയ്യുന്നത്.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- വിപണിയെ കുറിച്ചുള്ള സമൂഹശാസ്ത്ര സങ്കല്പനം
- ആഴ്ച ചന്തകൾ
- കോളനിവാഴ്ചയും ഇന്ത്യൻ വിപണിയും
- ചരക്കുവൽക്കരണവും ഉപഭോഗവും
- ആഗോളവൽക്കരണം
- വെർചൽ വിപണി
- ഉദാരവൽക്കരണത്തെക്കുറിച്ചുള്ള സംവാദം

**പ്രവർത്തനം 1**

വിപണിയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ തിരിച്ചറിയുക.
(സമൂഹശാസ്ത്ര വീക്ഷണം, സാമ്പത്തിക വീക്ഷണം)

| | |
|---|---|
| വിപണി ഒരു സാമൂഹിക സ്ഥാപനമാണ്. അത് സാസ്കാരികമായ രീതിയിൽ നിർമ്മിക്കപ്പെട്ടതാണ്. | ............................... |
| വിപണി സമൂഹത്തിന്റെ ഒരു പ്രത്യേക ഭാഗമാണ്. അതിന് സ്വന്തമായ നിയമങ്ങളുണ്ട്. | ............................... |

**പ്രവർത്തനം 2**

വിട്ട ഭാഗം പൂരിപ്പിക്കുക

1. 'ദി വെൽത്ത് ഓഫ് നേഷൻസ്' എന്ന കൃതി രചിച്ചത് ----------------ആണ്

2. കോളനിപൂർവ്വ ഇന്ത്യയിലെ പരമ്പരാഗത ബാങ്കിംഗ് സമുദായങ്ങൾ വ്യാപാരത്തിനും വിനിമയത്തിനുമായി ഉപയോഗിച്ചിരുന്ന രസീതുകൾ -------------- എന്ന് അറിയപ്പെടുന്നു

3. നാലു വർണ്ണങ്ങളിൽ -------------- വ്യാപാരവും വാണിജ്യവുമായി ബന്ധപ്പെട്ട വർണ്ണമാണ്.

4. വൈശ്യരല്ലാത്ത മറ്റ് പരമ്പരാഗത ബിസിനസ് സമുദായങ്ങളുടെ പേര് എഴുതുക.

   a) പാർസികൾ

   b) -------

   c) ------

   d) ജൈനൻമാർ


5. കൊളോണിയൽ കാലഘട്ടത്തിൽ ദീർഘദൂര ഉപ്പ് വ്യാപാരം നടത്തിയിരുന്ന ഒരു ഗോത്ര വിഭാഗമാണ് ——————————

6. കൊളോണിയൽ കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞുവന്ന ഒരു ബിസിനസ് സമുദായമാണ്.........

**പ്രവർത്തനം 3**

**ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചാർട്ട് പൂർത്തീകരിക്കുക**

ചരക്കുകൾ ഉല്പാദിപ്പിക്കുന്ന ഒരു വ്യവസ്ഥയായിട്ടാണ് കാൾ മാർക്സ് മുതലാളിത്തത്തെ മനസ്സിലാക്കുന്നത്. കൂലിത്തൊഴിൽ ഉപയോഗിച്ചു കൊണ്ട് വിപണിക്കുവേണ്ടിയുള്ള ഉല്പാദന വ്യവസ്ഥയാണിത്. മുതലാളിത്ത വ്യവസ്ഥയിൽ തൊഴിൽ തന്നെ ഒരു വില്പന ചരക്കായി മാറുന്നു. ഓരോ സാമ്പത്തിക വ്യവസ്ഥയും ഒരു സാമൂഹിക വ്യവസ്ഥയാണ് മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ രണ്ട് വർഗ്ഗങ്ങൾ ആണുള്ളത്-മുതലാളിയും തൊഴിലാളിയും.




**പ്രവർത്തനം 4**

ഇന്ന് കുടിവെള്ളം വിപണിയിൽ നിന്ന് വാങ്ങാൻ കഴിയുന്നു. ചരക്കുവൽക്കരണം നടക്കുന്നത് മുമ്പ് വിപണിയുടെ ഭാഗമല്ലാതിരുന്ന വസ്തുക്കൾ വിപണിയിൽ ലഭ്യമാക്കുമ്പോഴാണ്

മൂന്ന് ഉദാഹരണങ്ങൾ എഴുതുക

*

*

*

**പ്രവർത്തനം 5**

ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങളിൽ നിന്ന് ആശയം തിരിച്ചറിയുക.

1. ഒരാൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്ന വസ്തുക്കൾ അയാളുടെ സാമൂഹികപദവിയുമായി ബന്ധപ്പെട്ടതാണ് എന്ന് മാക്സ് വെബർ അഭിപ്രായപ്പെടുന്നു. ഈ ബന്ധത്തെ സൂചിപ്പിക്കുന്ന പദം എഴുതുക.

2. ചുവടെ കൊടുത്തിരിക്കുന്ന സവിശേഷതകൾ ഉള്ള വിപണിയുടെ പേര് തിരിച്ചറിയുക.

- ഡിജിറ്റൽ ഇടത്തിലുള്ള വിപണി
- ലോകത്തിന്റെ എല്ലായിടങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യാം.
- ഇടപാടുകൾ നിമിഷനേരങ്ങൾ കൊണ്ട് പൂർത്തീകരിക്കാം.

**പ്രവർത്തനം 6**

ആഗോളവൽക്കരണത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക

- സാമ്പത്തികവും രാഷ്ട്രീയവും, സാംസ്കാരികവുമായ കൂട്ടിയിണക്കപ്പെട്ട അവസ്ഥ
- 
- 
- 

**പ്രവർത്തനം 7**

ഉചിതമായ ആശയങ്ങൾ ഉപയോഗിച്ച് പട്ടിക പൂർത്തീകരിക്കുക.
(ആഗോളവൽക്കരണം ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, കമ്പോളവൽക്കരണം)

| ക്രമനമ്പർ | വിശദീകരണം | ആശയം |
|---|---|---|
| 1 | സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായി കൂട്ടിയിണക്കപ്പെട്ട അവസ്ഥ | --------- |
| 2 | നിയമങ്ങളെ കൂടുതൽ ഉദാരവും ഇളവുകളുള്ളതുമാക്കുക. | --------- |
| 3 | ഗവൺമെൻറ് ഉടമസ്ഥതയിലുള്ള കമ്പനികൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കുക | --------- |
| 4 | വിപണിയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുക. | --------- |

## ഉത്തരസൂചിക


**പ്രവർത്തന 1**

| | |
|---|---|
| വിപണി സമൂഹത്തിന്റെ ഒരു പ്രത്യേക ഭാഗമാണ്. അതിന് അതിന്റേതായ നിയമങ്ങളുണ്ട്. | സാമ്പത്തിക വീക്ഷണം |
| വിപണി ഒരു സാമൂഹിക സ്ഥാപനമാണ്. അത് സാസ്കാരികമായ രീതിയിൽ നിർമ്മിക്കപ്പെട്ടതാണ്. | സമൂഹ ശാസ്ത്ര വീക്ഷണം |

**പ്രവർത്തന 2**

1. ആഡം സ്മിത്ത്
2. ഹുണ്ടി
3. വൈശ്യ
4. സിന്ധി, ബൊഹ്റ
5. ബഞ്ചാര

**പ്രവർത്തന 3**




**പ്രവർത്തന 4**

- മനുഷ്യ അവയവങ്ങൾ വിൽപ്പന ചരക്കാക്കുന്നത്
- ഇവന്റ് മാനേജ്മെന്റ്
- വ്യക്തിത്വ വികസന കോഴ്സുകൾ

**പ്രവർത്തന 5**

1 .പദവി ചിഹ്നം

2.വെർചൽ വിപണി/ സാങ്കൽപ്പിക വിപണി

**പ്രവർത്തന 6**

- ചരക്കുകൾ, പണം, വിവരങ്ങൾ, ആളുകൾ എന്നിവയുടെ പ്രവാഹം
- ഗതാഗത-വാർത്താവിനിമയ ഉപാധികളുടെ വികസനം
- വിപണിയുടെ വ്യാപനവും കൂടിച്ചേരലും

പ്രവർത്തന 7

| ക്രമനമ്പർ | വിശദീകരണം | സങ്കൽപനങ്ങൾ |
|---|---|---|
| 1 | സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായി കൂട്ടിയിണക്കപ്പെട്ട അവസ്ഥ | ആഗോളവൽക്കരണം |
| 2 | നിയമങ്ങളെ കൂടുതൽ ഉദാരവും ഇളവുകളുള്ള തുമാക്കുക | ഉദാരവൽക്കരണം |
| 3 | ഗവൺമെൻറ് ഉടമസ്ഥതയിലുള്ള കമ്പനികൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കുക | സ്വകാര്യവൽക്കരണം |
| 4 | വിപണിയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് സാമൂഹികവും, സാമ്പത്തികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുക | കമ്പോളവൽക്കരണം |

ഭാഗം1

## അധ്യായം 5

## സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ

**ആമുഖം**

സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും വിവിധതലങ്ങളെ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു ജാതി, ഗോത്രം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങൾ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ എങ്ങനെ സൃഷ്ടിക്കുന്നു എന്നും നിലനിർത്തുന്നു എന്നും വിശദീകരിക്കുന്നു.

**പ്രധാന സങ്കൽപനങ്ങളും ആശയങ്ങളും**

- സാമൂഹിക അസമത്വം
- സാമൂഹിക ശ്രേണീകരണം
- സാമൂഹിക ബഹിഷ്കരണം
- ജാതി വ്യവസ്ഥ ഒരു വിവേചന സമ്പ്രദായം എന്ന നിലയിൽ
- മറ്റു പിന്നാക്ക വർഗ്ഗങ്ങൾ
- ഗോത്ര ജനതയുടെ പോരാട്ടങ്ങൾ
- സ്ത്രീകളുടെ തുല്യതയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടം
- ഭിന്നശേഷിക്കാർ നേരിടുന്ന വെല്ലുവിളികൾ

**പ്രവർത്തനം 1**

സാമൂഹിക വിഭവങ്ങളിലേക്കുള്ള അസമമായ പ്രാപ്യതയെ ----------എന്നു പറയുന്നു

**പ്രവർത്തനം 2 - ചാർട്ട് പൂർത്തിയാക്കുക.**

| സാമൂഹിക അസമത്വത്തിന്റെ സവിശേഷതകൾ |
|---|
| 1) ...................... |
| 2) ...................... |
| 3) വ്യവസ്ഥാപിതവും ഘടനാപരവുമാണ് |

**പ്രവർത്തനം 3 - പട്ടിക പൂർത്തീകരിക്കുക**

| വിവിധതരം മൂലധനങ്ങൾ | ഉദാഹരണം |
|---|---|
| 1. സാമ്പത്തിക മൂലധനം | ...................... |
| 2 ...................... | വിദ്യാഭ്യാസം |
| 3 സാമൂഹിക മൂലധനം | ...................... |

**പ്രവർത്തനം 4 - ചാർട്ട് പൂർത്തീകരിക്കുക**

സമൂഹത്തിലെ ആളുകളെ അവരുടെ പദവിക്കനുസരിച്ച് പലതട്ടുകളായി തരംതിരിക്കുന്നതിനെ സൂചിപ്പിക്കുന്ന പദമാണ്............................

**പ്രവർത്തനം 5**

| **സാമൂഹിക ശ്രേണീകരണത്തിന്റെ തത്വങ്ങൾ** |
|---|
| 1. ഇത് സമൂഹത്തിന്റെ സവിശേഷതയാണ്, കേവലം വ്യക്തികൾ തമ്മിലുള്ള അന്തരം മാത്രമല്ല |
| 2. ...................... |
| 3. ...................... |

**പ്രവർത്തനം 6**

പദസൂര്യൻ പൂർത്തീകരക്കുക




**പ്രവർത്തനം 7**

വിട്ട ഭാഗം പൂരിപ്പിക്കുക

1. തൊട്ടുകൂടാത്തവരായി കണക്കാക്കിയിരുന്ന ജാതികളെ സൂചിപ്പിക്കുവാൻ ഗാന്ധിജി 'ദൈവത്തിന്റെ മക്കൾ' എന്നർഥം വരുന്ന .................എന്ന പദമാണ് ഉപയോഗിച്ചത്.
2. ഒന്നാം പിന്നാക്കവർഗ്ഗ കമ്മീഷന്റെ അധ്യക്ഷൻ ആയിരുന്നു..................
3. രണ്ടാം പിന്നാക്കവർഗ്ഗ കമ്മീഷന്റെ അധ്യക്ഷൻ ആയിരുന്നു..................
4. ഗോത്ര പ്രക്ഷോഭങ്ങളിലൂടെ 2000 ൽ രൂപമെടുത്ത സംസ്ഥാനങ്ങളാണ് ................. ഉം ഝാർഖണ്ഡും

**പ്രവർത്തനം 8**

| ഗ്രന്ഥകർത്താക്കൾ | പുസ്തകത്തിന്റെ പേരുകൾ |
|---|---|
| ................................ | സ്ത്രീ-പുരുഷ തുലന |
| ബീഗം റുഖിയ ഷഖാവത്ത് ഹുസൈൻ | ................................ |

ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക

**പ്രവർത്തനം 9**

ചാർട്ട് പൂർത്തീകരിക്കുക

(ജ്യോതിബാ ഫുലെ, സർ സെയ്ദ് അഹമ്മദ് ഖാൻ, റാനഡെ, സതിക്കെതിരെയുള്ള പോരാട്ടം, ആര്യസമാജം)

| സാമൂഹിക പരിഷ്കർത്താക്കൾ | സംഭാവനകൾ |
|---|---|
| 1. രാജാറാം മോഹൻ റോയ് | 1. .................................................. |
| 2. ............................... | 2. വിധവാ പുനർ വിവാഹം |
| 3. ................................ | 3. സത്യശോധക് സമാജം |
| 4. ................................ | 4. മുസ്ലീങ്ങളുടെ നവോഥാനം |
| 5. ദയാനന്ദ സരസ്വതി | 5. .................................................. |

**പ്രവർത്തനം 10**

തിരിച്ചറിയുക

1. വ്യക്തികളെയോ സംഘങ്ങളെയോ സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിന് സൂചിപ്പിക്കുന്ന പദം.

2. പിന്നാക്ക ജാതിക്കാരുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന രണ്ട് പ്രക്ഷോഭങ്ങളുടെ പേരെഴുതുക.
   - 
   - 

**പ്രവർത്തനം 11**

പൂരിപ്പിക്കുക

പൊതുജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പട്ടിക വർഗ്ഗ വിഭാഗത്തിനും പട്ടിക ജാതികൾക്കും ചില സ്ഥാനങ്ങൾ ഇല്ലെങ്കിൽ സീറ്റുകൾ മാറ്റിവെക്കുന്നതിനെ സൂചിപ്പിക്കുന്ന പദം.

ബി) പട്ടിക പൂർത്തീകരിക്കുക.

| ജാതി-ഗോത്ര വിവേചനത്തിനെതിരെയുള്ള നിയമനിർമ്മാണം |
|---|
| • ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 17 |
| • 93-ാം ഭരണഘടനാ ഭേദഗതി |
| • ............................... |
| • ............................... |

## ഉത്തരസൂചിക

**പ്രവർത്തനം 1**

എ) സാമുഹിക അസമത്വം

**പ്രവർത്തനം 2**

| സാമൂഹിക അസമത്വത്തിന്റെ സവിശേഷതകൾ |
|---|
| 1) ഇത് വ്യക്തികളെ കുറിച്ചുള്ളതല്ല, സംഘത്തെ കുറിച്ചുള്ളതാണ് |
| 2) സാമ്പത്തികം എന്നതിനേക്കാൾ സാമൂഹികമാണ് |
| 3) വ്യവസ്ഥാപിതവും ഘടനാപരവുമാണ് |

**പ്രവർത്തനം 3**

| വിവിധതരം മൂലധനങ്ങൾ | ഉദാഹരണം |
|---|---|
| 1. സാമ്പത്തിക മൂലധനം | സ്വത്തുവകകൾ |
| 2 സാംസ്കാരിക മൂലധനം | വിദ്യാഭ്യാസം |
| 3 സാമൂഹിക മൂലധനം | സാമൂഹിക ബന്ധങ്ങൾ |

**പ്രവർത്തനം 4**

സാമൂഹികശ്രേണീകരണം

**പ്രവർത്തനം 5**

| സാമൂഹികശ്രേണീകരണത്തിന്റെ തത്വങ്ങൾ |
|---|
| 1. ഇത് സമൂഹത്തിന്റെ സവിശേഷതയാണ്, കേവലം വ്യക്തികൾ തമ്മിലുള്ള അന്തരം മാത്രമല്ല |
| 2. തലമുറകളായി നിലനിൽക്കുന്നു |
| 3. സാമൂഹിക ശ്രേണീകരണത്തെ ചില പ്രത്യേക ശാസ്ത്രങ്ങൾ പിന്തുണക്കുന്നു |

**പ്രവർത്തനം 6**

| തൊട്ടുകൂടായ്മയുടെ 3 തലങ്ങൾ |
|---|
| 1. ബഹിഷ്കരണം |
| 2. അപമാനിക്കലും കീഴ്പ്പെടുത്തലും |
| 3. ചൂഷണം |

**പ്രവർത്തനം 7**

1. ഹരിജൻ
2. കാക്ക കലേൽക്കർ
3. ബി.പി മണ്ഡൽ
4. ഝാർഖണ്ഡ്, ഛത്തീസ്ഖഡ്

**പ്രവർത്തനം 8**

| ഗ്രന്ഥകർത്താക്കൾ | പുസ്തകം |
|---|---|
| താരാബായ് ഷിന്റെ | സ്ത്രീ-പുരുഷ തുലന |
| ബീഗം റുഖിയഷഖാവത്ത്ഹുസൈൻ | സുൽത്താനയുടെ സ്വപ്നം |

**പ്രവർത്തനം 9**

| സാമൂഹിക പരിഷ്കർത്താക്കൾ | സംഭാവനകൾ |
|---|---|
| രാജാറാം മോഹൻ റോയ് | സതിക്കെതിരെയുള്ള പോരാട്ടം |
| റാനഡെ | വിധവാ പുനർ വിവാഹം |
| ജ്യോതിബാ ഫുലെ | സത്യ ശോധക് സമാജം |
| സർ സെയ്ദ് അഹമ്മദ് ഖാൻ | മുസ്ലീങ്ങളുടെ നവോത്ഥാനം |
| ദയാനന്ദ സരസ്വതി | ആര്യസമാജം |

**പ്രവർത്തനം 10**

1. സാമൂഹിക ബഹിഷ്ക്കരണം
2. മാറു മറയ്ക്കൽ സമരം, കല്ലുമാല സമരം

**പ്രവർത്തനം 11**

**എ)** സംവരണം

**ബി)**
- പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമനിരോധന നിയമം 1989
- ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 17
- 93-ാം ഭരണഘടനാ ഭേദഗതി
- ജാതി വൈകല്യ നിവാരണ നിയമം 1850

## അദ്ധ്യായം 6

# സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ

**ആമുഖം**


വൈവിധ്യം എന്നത് വ്യത്യാസങ്ങളെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ സാംസ്കാരിക വൈവിധ്യത്തോടൊപ്പം സാമ്പത്തികവും സാമൂഹികവുമായ അസമത്വം കൂടിച്ചേരുമ്പോൾ ഇതൊരു വെല്ലുവിളിയായി മാറുന്നു. പ്രാദേശികവാദം, വർഗീയത തുടങ്ങിയ വെല്ലുവിളികളെ കുറിച്ചും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- സാമുദായിക സ്വത്വം, സമുദായം ,ദേശം, ദേശ രാഷ്ട്രം
- സ്വാംശീകരണ ഉദ്ഗ്രഥന നയങ്ങൾ
- പ്രാദേശികവാദം
- വർഗീയത, മതേതരത്വം
- പൗരസമൂഹം

**പ്രവർത്തനം 1**

സാമുദായിക സ്വത്വത്തെ കുറിച്ചുള്ള പട്ടിക പൂർത്തീകരിക്കുക




**പ്രവർത്തനം 2**

സൂചനകൾ ഉപയോഗിച്ചുകൊണ്ട് താഴെക്കൊടുത്തിരിക്കുന്ന ആശയങ്ങൾക്കുനേരെ ഉചിതമായ പദം എഴുതുക. (ദേശം, രാഷ്ട്രം, ദേശരാഷ്ട്രം, സമുദായം)

| | |
|---|---|
| സമുദായങ്ങളുടെ സമുദായം | ----------- |
| ഒരു നിശ്ചിത പ്രദേശത്തിനുമേൽ രാഷ്ട്രീയവും നിയമപരവുമായ അധികാരമുള്ള സ്ഥാപനം | ----------- |
| സ്വന്തമായി രാഷ്ട്രമുള്ള സമുദായങ്ങൾ | ----------- |
| നാമൊന്ന് എന്ന വിചാരത്തോടുകൂടി ഒരു നിശ്ചിത പ്രദേശത്ത് താമസിക്കുന്ന ആളുകൾ | ----------- |

ഭാഗം1

**പ്രവർത്തനം 3**

ചുവടെ കൊടുത്തിരിക്കുന്ന നയങ്ങളുടെ പേര് തിരിച്ചറിഞ്ഞ് പൂരിപ്പിക്കുക.

| | |
|---|---|
| രാഷ്ട്രം പ്രബല സാമൂഹിക വിഭാഗത്തിന്റെ സംസ്കാരം ഉൾക്കൊള്ളാൻ എല്ലാവരെയും നിർബന്ധിക്കുന്നു | |
| രാഷ്ട്രം പൊതുവായ ദേശീയ സംസ്കാരം ഉൾക്കൊള്ളാൻ എല്ലാ വിഭാഗങ്ങളെയും പ്രേരിപ്പിക്കുന്നു | |

**പ്രവർത്തനം 4**

തന്നിരിക്കുന്ന പ്രസ്താവന തിരിച്ചറിഞ്ഞ് അതിന്റെ സങ്കല്പനം എഴുതുക.

എ) ♦ രാഷ്ട്രത്തിന്റെയോ വിപണിയുടെയോ ഭാഗമല്ലാത്ത പൊതുമണ്ഡലം | ........................

ബി) ♦ ഒരു പ്രത്യേക പ്രദേശത്തോട് ആഭിമുഖ്യം കാണിക്കുന്ന പ്രത്യയശാസ്ത്രം. | ......................

സി) ♦ മതപരമായ ആക്രമണോത്സുകത | ......................

ഡി) ♦ എല്ലാ മതങ്ങളെയും തുല്യമായ രീതിയിൽ ബഹുമാനിക്കുക | ......................

## ഉത്തരസൂചിക

**പ്രവർത്തനം 1**

സാമുദായിക സ്വത്വത്തിന്റെ സവിശേഷതകൾ
- ആരോപിതം
- യാദൃശ്ചികം
- മുൻ ഉപാധികൾ ഇല്ലാത്തത്
- ഒഴിഞ്ഞുമാറാൻ പറ്റാത്തത്

**പ്രവർത്തനം 2**

| | |
|---|---|
| സമുദായങ്ങളുടെ സമുദായം | ദേശം |
| ഒരു നിശ്ചിത പ്രദേശത്തിനുമേൽ രാഷ്ട്രീയവും നിയമപരവുമായ അധികാരമുള്ള സ്ഥാപനം | രാഷ്ട്രം |
| സ്വന്തമായി രാഷ്ട്രമുള്ള സമുദായങ്ങൾ | ദേശരാഷ്ട്രം |
| നാമൊന്ന് എന്ന വിചാരത്തോടുകൂടി ഒരു നിശ്ചിത പ്രദേശത്ത് താമസിക്കുന്ന ആളുകൾ | സമുദായം |

**പ്രവർത്തനം 3**

| | |
|---|---|
| രാഷ്ട്രം പ്രബല സാമൂഹിക വിഭാഗത്തിന്റെ സംസ്കാരം ഉൾക്കൊള്ളാൻ എല്ലാവരെയും നിർബന്ധിക്കുന്നു | സ്വാംശീകരണ നയം |
| രാഷ്ട്രം പൊതുവായ ദേശീയ സംസ്കാരം ഉൾക്കൊള്ളാൻ എല്ലാ വിഭാഗങ്ങളെയും പ്രേരിപ്പിക്കുന്നു | ഉദ്ഗ്രഥന നയം |

**പ്രവർത്തനം 4**

എ) പൗരസമൂഹം
ബി) പ്രാദേശികവാദം
സി) വർഗീയത
ഡി) മതേതരത്വം